**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2591** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി മീറ്റർ റീഡർ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള കെ.എസ്.ഇ.ബി മീറ്റർ റീഡർ (557/2014) റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം സംബന്ധിച്ച പുരോഗതി വിശദമാക്കുമോ ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കെ.പി.എസ്.സി) നൽകിയ 218 ഉദ്യോഗാർത്ഥികളുടെ നിയമന ശുപാർശയിൽ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകുകയും അതിൽ 147 ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഉദ്യോഗാർത്ഥിയ്ക്ക് സമയം ദീർഘിപ്പിച്ചു നൽകിക്കൊണ്ടുള്ള ബോർഡുത്തരവ് ലഭ്യമായിട്ടുള്ളതും എന്നാൽ നാളിതു വരെ ടിയാൻ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ ടിയാന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അന്തിമ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ടിയാന്റേത് ഒഴികെ ബാക്കി 70 ഒഴിവുകൾ കെ.പി.എസ്.സി.ക്ക് NJD ഒഴിവുകൾ എന്ന കണക്കിൽ റിപ്പോർട്ട് ചെയ്യുകയും, നിയമന ശിപാർശ KSEBL-ൽ ലഭിച്ചിട്ടുള്ളതുമാണ്. ടി 70 NJD ഒഴിവുകളിലേയ്ക്കുള്ള നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 436 മീറ്റർ റീഡർമാരെ നിയമിക്കാൻ തീരുമാനിക്കുകയും ആയതിൽ 218 ഒഴിവുകൾ പി.എസ് .സി ക്ക് റിപ്പോർട്ട് ചെയ്യുകയും ബാക്കി 50 ശതമാനം നിയമനം നിർത്തിവെക്കാനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ് ലൈൻസ് പ്രകാരം (Revamped Reform Linked Results–Based Sector Scheme) പ്രീ പെയ്ഡ്, സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇവയെല്ലാം ബോർഡിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. ടി സാഹചര്യത്തിൽ 07.10.2021-ലെ ബോർഡ് ഉത്തരവ് പ്രകാരം നിയമന നടപടികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന 218 ഒഴിവുകൾക്ക് പുറമേ ബാക്കി ഒഴിവുകൾ കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ഇപ്പോൾ നിർവ്വാഹമില്ല എന്നും അറിയിക്കുന്നു. |
| (സി) | പ്രസ്തുത ഒഴിവുകൾ കൂടി പി.എസ് .സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ എന്തൊക്കെ നടപടികളാണ് | (സി) | ഉണ്ട്. കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ് ലൈൻസ് പ്രകാരം (Revamped Reform |

| | | | |
|---|---|---|---|
| | സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | | Linked Results–Based Sector Scheme) പ്രീ പെയ്ഡ്, സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്ക്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇവയെല്ലാം ബോർഡിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. ടി സാഹചര്യത്തിൽ 07.10.2021-ലെ ബോർഡ് ഉത്തരവ് പ്രകാരം നിയമന നടപടികൾ പൂർത്തീകരിച്ച കൊണ്ടിരിക്കുന്ന 218 ഒഴിവുകൾക്ക് പുറമേ ബാക്കി ഒഴിവുകൾ കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ഇപ്പോൾ നിർവ്വാഹമില്ല എന്നും അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ